ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കുടിവെള്ളത്തിന്റെ വിനിയോഗത്തിൽ ധൂർത്ത് ഉണ്ടെന്ന് കരുതുന്നു.

(ബി) കുടിവെള്ളം പാഴാക്കുന്നതും, കൃഷിയാവശ്യങ്ങൾ, കുടിവെള്ളേതര ആവശ്യങ്ങൾ എന്നിവയ്ക്ക് അനധികൃതമായി കുടിവെള്ളം ഉപയോഗിക്കുന്നതും ഓരോ കാര്യങ്ങൾക്കും ആവശ്യത്തിലധികം വെള്ളം ഉപയോഗിക്കുന്നതും ധൂർത്തായി കണക്കാക്കാം.

(സി) ദുർവിനിയോഗം തടയാനായി കേരളാ വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ് തലത്തിൽ സ്കാഡുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണത്തിനും ദുർവിനിയോഗത്തിനെതിരെ പ്രചാരണത്തിനും നടപടി സ്വീകരിച്ചുവരുന്നു. പൊതു ടാപ്പിൽ നിന്നും ദുർവിനിയോഗം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ടാപ്പ് പൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ ദുർവിനിയോഗം ചെയ്യുന്നവരിൽ നിന്നും പിഴ ഈടാക്കുകയും, നിർബന്ധ സാഹചര്യങ്ങളിൽ നിയമ നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്തുവരുന്നു.

(ഡി) ഉപഭോക്താക്കൾക്കെല്ലാം കൺസ്യൂമർ മീറ്റർ കാർഡുകൾ നൽകുവാനും റീഡിംഗ് എടുക്കുന്ന മുറയ്ക്ക് ഉപഭോക്താവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് രേഖപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ കണക്ഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലേബൽ ഉപഭോക്താവിന്റെ വീടിന്റെ/സ്ഥാപനത്തിന്റെ മുൻവശത്തും പൊതുവിൽ കാണുന്ന വിധത്തിലും പ്രദർശിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ഇടുക്കി ഡാമിന്റെ കൃാച്ച്മെന്റ് ഏരിയായിലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ നടപടി

*8 [338] ശ്രീ. കെ. എ. ചന്ദ്രൻ:
„ കെ. സി. വേണുഗോപാൽ:
„ കെ. മോഹൻകുമാർ:
„ എൻ. ശക്തൻ:
„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഡാമിന്റെ റിസർവോയറിൽ തൊപ്പിപ്പാളയിൽ അയ്യപ്പക്ഷേത്രം പണിയുന്നത് സംബന്ധിച്ച് ഇടുക്കി ഡാമിന്റെ കൃാച്ച്മെന്റ് ഏരിയായിൽ എവിടെയെല്ലാം കയ്യേറ്റങ്ങളും നിർമ്മാണങ്ങളും നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കയ്യേറ്റക്കാരെ ഒഴിപ്പിക്കാനും നിർമ്മാണങ്ങൾ പൊളിച്ചു മാറ്റാനും ഉദ്ദേശമുണ്ടോ; അതിനുവേണ്ടി വൈദ്യുതി ബോർഡ് കോടതിയെ സമീപിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഇടുക്കി ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ റിസർവോയർ ഏരിയായിൽ സ്ഥിതി ചെയ്തിരുന്ന അയ്യപ്പക്ഷേത്രം മുങ്ങിപ്പോകുന്നത് ഒഴിവാക്കുവാനായി തൊപ്പിപ്പാള എന്ന സ്ഥലത്ത് പ്രസ്തുത ക്ഷേത്രം സർക്കാരിന്റേയും വൈദ്യുതി ബോർഡിന്റേയും ചെലവിൽ മാറ്റി സ്ഥാപിച്ചു. എന്നാൽ വിശ്വഹിന്ദു പരിഷത് പ്രവർത്തകർ പഴയ ക്ഷേത്രം നിലനിന്നിരുന്ന സ്ഥലത്ത് ക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് കയ്യേറ്റവും ചില നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

(ബി) ഉദ്ദേശമുണ്ട്. അതിനായി വൈദ്യുതി ബോർഡ് കോടതിയെ സമീപിച്ചിട്ടുണ്ട്.

പച്ചിലമരുന്ന് ചികിത്സയിൽ ആദിവാസികൾക്കുള്ള വിജ്ഞാനം പ്രയോജനപ്പെടുത്താൻ നടപടി

*9 [339] ശ്രീ. ടി. പി. എം. സാഹിർ:
" പി. കെ. അബ്ദുറബ്ബ്:
" കളത്തിൽ അബ്ദുള്ള:
" പി. കെ. കെ. ബാവ:
" കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിലുള്ള അപൂർവ്വ ഇനം പച്ചില മരുന്നുകളും അവ ഉപയോഗിച്ചുള്ള ചികിത്സയിൽ ആദിവാസികൾക്കുള്ള വിജ്ഞാനവും ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം മരുന്നുകൾ നാട്ടുകാർക്ക് പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്. വനപ്രദേശങ്ങളിൽ അപൂർവ്വമായി കണ്ടുവരുന്ന പച്ചില മരുന്നുകൾ ഉപയോഗിച്ച് ചികിത്സ നടത്തുന്നതിന് ആദിവാസികളായ വംശീയ വൈദ്യൻമാർക്ക് കിർത്താഡ്സ് മുഖേന ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly